**Qn.1**

“പത്രങ്ങൾ എല്ലാറ്റിനെയും വിമർശിക്കുന്നു. എന്നാൽ പത്രങ്ങൾ വേണ്ടത്ര വിമർശിക്കപ്പെടുന്നില്ല.” - ഈ പ്രസ്താവനയോട് സമാനത പുലർത്തുന്ന ലേഖകന്റെ ആശയങ്ങൾ സംഗ്രഹിക്കുക.

Ans: പത്രങ്ങൾ സൂര്യനു കീഴെയും മേലെയുമുള്ള എല്ലാറ്റിനെപ്പറ്റിയും വൃത്താന്തങ്ങൾ തരുന്നതോടൊപ്പം അവയെ വിമർശിക്കുകയും ചെയ്യുന്നുവെന്നും എന്നാൽ അത്രത്തോളം പത്രങ്ങൾ വിമർശിക്കപ്പെടുന്നില്ല എന്നും സുകുമാർ അഴീക്കോട് അഭിപ്രായപ്പെടുന്നു. പത്രങ്ങളെപ്പറ്റി ആളുകൾ സാധാരണയായി നല്ലതേ പറയാറുള്ളൂ. കാരണം ഏതു മനുഷ്യനും വാർത്തകൾ അറിയുന്നതിനു മാത്രമല്ല അറിയിക്കുന്നതിനും പത്രങ്ങൾ ഉപയോഗപ്പെടുത്തുന്നു. പത്രത്തെ എതിർക്കേണ്ടിവന്നാൽ ആ എതിർപ്പിനുപോലും പ്രചാരം ലഭിക്കണമെങ്കിൽ പത്രത്തെത്തന്നെ ആശ്രയിക്കണം.

സ്വേച്ഛാധിപതികൾപോലും പത്രത്തെ ബഹുമാനിക്കുന്നു. കാരണം അവർ പത്രത്തെ ഭയക്കുന്നു. പത്രങ്ങളെപ്പറ്റി വാഴ്ത്തിപ്പറഞ്ഞ വാക്കുകൾക്ക് ക്ഷാമമില്ല. രാഷ്ട്രീയത്തിലെ നാലാമത്തെ മഹാശക്തിയാണ് പത്രം. തന്റെ ആകെയുള്ള അറിവ് പത്രത്തിൽനിന്ന് കിട്ടിയതാണെന്നുവരെ ഒരെഴുത്തുകാരൻ പറഞ്ഞു. സ്വാതന്ത്ര്യ പ്രേമിയായ ജഫേഴ്സൺ പറഞ്ഞത് പത്രമില്ലാതെയുള്ള ഭരണത്തേക്കാൾ അദ്ദേഹം അഭിലഷിക്കുന്നത് ഭരണമില്ലാതെപത്രം മാത്രമുള്ള അവസ്ഥയെ ആണെന്നാണ്. പത്രമുണ്ടായാൽ എല്ലാമായി എന്ന് അത് സൂചിപ്പിക്കുന്നു.